(എഫ്) 12/2000-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇത് ഇപ്പോൾ സാദ്ധ്യമാകില്ല. പദ്ധതി പൂർത്തിയാക്കൽ ഒരു വർഷം കൂടി താമസിച്ചേക്കും.

കുളനട ശുദ്ധജലവിതരണ പദ്ധതി

51 (201) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുളനട ശുദ്ധജലവിതരണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയ്ക്കുവേണ്ടി എന്ത് തുകയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പദ്ധതിയുടെ പണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(ബി) 333 ലക്ഷം രൂപ (മുന്നൂറ്റി മുപ്പത്തിമൂന്ന് ലക്ഷം)

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

ചൊവ്വര പദ്ധതി

52 (202) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ-വൈപ്പിൻ മേഖലയിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായി നടപ്പാക്കുവാൻ ഉദ്ദേശിച്ച ചൊവ്വര പദ്ധതിയുടെ ഇന്നത്തെ അവസ്ഥ എന്താണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(സി) എത്ര കോടി രൂപ എൽ.ഐ.സി./ഹഡ്കോ വായ്പ ലഭിച്ചു ;

(ഡി) പദ്ധതി ഏത് ഏജൻസിയാണ് നടപ്പാക്കുന്നത് ; ഈ പദ്ധതി നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ചൊവ്വര പദ്ധതി എന്ന് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) അണ്ടർ ഗ്രൗണ്ട് ടാങ്ക് പണിയാനുള്ള സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ ; ട്രീറ്റ്മെന്റ് പ്ലാന്റും പമ്പ് ഹൗസും സ്ഥാപിക്കുന്നത് എവിടെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ചൊവ്വര പദ്ധതിയുടെ പ്രയോജനം ഏതൊക്കെ പ്രദേശത്തുള്ളവർക്ക് ലഭിക്കും ; ഇതിന്റെ ഉൽപാദന ശേഷി എത്രയാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) 3723.25 ലക്ഷം രൂപ.

(സി) ഈ പദ്ധതിക്ക് എൽ.ഐ.സി. വായ്പയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആകെ വായ്പ തുക 1,148 ലക്ഷം രൂപയാണ്. അതിൽ 480 ലക്ഷം രൂപാ ലഭിച്ചു.

(ഡി) ഈ പദ്ധതി ഇ.പി.സി.എം. വ്യവസ്ഥയിൽ അടിയന്തിരമായി ടെണ്ടർ വിളിക്കുവാൻ വേണ്ട നിർദ്ദേശം കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഇ) എത്രയും പെട്ടെന്ന് പ്രസ്തുത പദ്ധതിയുടെ പണി തുടങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) അണ്ടർ ഗ്രൗണ്ട് ടാങ്കിനുള്ള സ്ഥലം അക്വർ ചെയ്തിട്ടില്ല. ചൊവ്വരയിൽ നിലവിലുള്ള വാട്ടർ വർക്സിനു സമീപം തന്നെയാണ് പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള പ്ലാന്റും പമ്പ് ഹൗസും സ്ഥാപിക്കുന്നത്.

(ജി) വടക്കൻ പറവൂർ മുനിസിപ്പാലിറ്റിക്കും മറ്റ് സമീപ പഞ്ചായത്തുകളായ പള്ളിപ്പുറം, കുഴിപ്പിള്ളി, ഇടവനക്കാട് ചേന്ദമംഗലം, കോട്ടുവള്ളി, ചിറ്റാറ്റുകര, വടക്കേക്കര, ഏഴിക്കര എന്നീ പ്രദേശങ്ങളിലും ചൊവ്വര പദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതി കമ്മിഷൻ ചെയ്യുമ്പോൾ ഇതിന്റെ ഉൽപാദന ശേഷി 48.78 ദശലക്ഷം ലിറ്റർ ആയിരിക്കും. 2021-ൽ ശേഷി 63 ദശലക്ഷം ലിറ്ററായി വർദ്ധിപ്പിക്കുവാനും പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

വണ്ടൂർ മണ്ഡലത്തിൽ കുടിവെള്ള പദ്ധതി

53 (203) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ലോക ബാങ്കിന്റെ സഹായത്തോടെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വണ്ടൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) വണ്ടൂർ പഞ്ചായത്തിലെ കാഞ്ഞിരം പാടം ഐ.എച്ച്.ഡി.പി. കോളനിയിൽ ഒരു കുടിവെള്ള പദ്ധതിക്ക് എസ്റ്റിമേറ്റും പേപ്പർവർക്കും കഴിഞ്ഞു 3 വർഷമായി പൂർത്തിയാകാതെ കിടക്കുന്ന പണി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly